# कोणार्कमन्दिरम्




त्रयोदशशतके नरसिंहदेवमहाराजस्य शासनकाले निर्मिदमिदं सूर्यमन्दिरम् । कोणार्क इति नाम कोणः अर्कः इति द्वाभ्यां संस्कृतपदाभ्यम् अभवत् । कृष्णशिलाभिः सूर्यदेवस्य रथमातृकायां निर्मितमिदं मन्दिरं कृष्णविमानकः इति नाम्नापि प्रसिद्धमभवत् । मन्दिरस्य ६० मीटर् उन्नतः प्रधानमण्डपः तथा तत्पार्श्वस्थः जगमोहनमण्डपः च ध्वंसितो दृश्येते । भ्रष्टावशिष्टाः तत्रत्ये कोणार्कपुरावस्तुकौतुकागारे (Archeological Museum) प्रदर्शिताः सन्ति ।

इदानीं मन्दिरस्योपपालनं भारतीयपुरातत्वानुदर्शनसंस्थया (Archeological Survey of India) क्रियते । १९८५ तमे वर्षे इदं मन्दिरं विश्वपैतृककेन्द्रम् इति युनेस्को संस्थया उद्घोषितम् अभवत् ।

## കൊണാർക് മന്ദിരം

പതിമൂന്നാം ശതകത്തിൽ നരസിംഹദേവമഹാരാജാവിൻെറ ഭരണകാലത്ത് നിർമ്മിച്ചതാണ് ഈ സൂര്യമന്ദിരം. കൊണാർക് എന്ന പേര് കോണഃ , അർകഃ എന്നീ രണ്ട് സംസ്കൃതപദങ്ങളിൽ നിന്നുണ്ടായി. കൃഷ്ണശിലകളിൽ സൂര്യദേവൻെറ രഥമാതൃകയിൽ നിർമിച്ച ഈ മന്ദിരം കൃഷ്ണവിമാനകം എന്ന പേരിലും പ്രസിദ്ധമായി ഭവിച്ചു. മന്ദിരത്തിൻെറ 60 മീറ്റർ ഉയർന്ന പ്രധാനമണ്ഡപം അപ്രകാരം അതിൻെറ അരികിലുള്ള ജഗമോഹനമണ്ഡപവും നശിച്ചതായി കാണപ്പെടുന്നു. ബാക്കിയുള്ള അവശിഷ്ടങ്ങൾ അവിടെയുള്ള കൊണാർക് പുരാവസ്തു മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
ഇപ്പോൾ മന്ദിരത്തിൻെറ ഉപപാലനം ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ എന്ന സ്ഥാപനത്താൽ ചെയ്യപ്പെടുന്നു. 1985 വർഷത്തിൽ ഈ മന്ദിരം വിശ്വപൈതൃകകേന്ദ്രം എന്ന് യുനസ്കോ എന്ന സംഘടനയാൽ ഉദ്ഘോഷിക്കപ്പെട്ടു.



# आषामेनोन्

आषामेनोन् इति तूलिकानाम्ना विख्यातः श्रीकुमार् महाशयः १९४७ तमे वर्षे नवम्बर् १८ दिनाङ्के पालक्काट् कोल्लङ्कोट् देशे जनिमलभत । विज्ञानविषये बिरुदधारिणः तस्य विद्याभ्यासः चिट्टूर्, पालक्काट्, चेन्नै इत्यादि स्थलेषु आसीत् । सौत्त् इन्ड्यन् बैंक् इति संस्थायाः ३५ वर्षे यावत् सेवनमनुष्ठीय २००६ तमे वर्षे स्वयं विरतः । साहित्ये,सङ्गीते, सञ्चारे,परिस्थितौ ,विमर्शे च आकृष्टः असौ कैरल्यां तनुमानसी, नादतनुमनिशम्, इलमुळच्चिकळ्,परागकोशङ्ङळ् इत्यादि विंशत्यधिकाः कृतीः रचितवान् । साहित्य-अक्कादमी पुरस्कारः,ओटक्कुषल् पुरस्कारः इत्यादीन् पुरस्कारान् असौ अलभत । आषामेनोन् महाशयस्य 'हिमालयप्रत्यक्षङ्ङल्' इति यात्राविवरणग्रन्थः प्रसिद्धः । तत्र 'कृष्णशिलकळुटे लास्यम्' इति अध्यायं केचन संस्कृताध्यापकाः तेन सह स्थित्वा संस्कृतभाषया अन्ववदन् । तत्रस्थाः केचन भागः पाठभागे दत्तः ।

# ആഷാമേനോൻ

ആഷാമേനോൻ എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ കെ. ശ്രീകുമാർ മഹാശയൻ 1947 നവംബർ18 ന് പാലക്കാട് കൊല്ലങ്കോട് എന്ന ദേശത്ത് ജനിച്ചു.വിജ്ഞാന വിഷയത്തിൽ ബിരുദധാരിയായ ഇദ്ദേഹത്തിൻെറ വിദ്യാഭ്യാസം ചിറ്റൂർ,പാലക്കാട്, ചെന്നൈ മുതലായ സ്ഥലങ്ങളിൽ ആയിരുന്നു. സൗത്ത് ഇന്ത്യൻ ബാങ്ക് എന്ന സ്ഥാപനത്തിൽ 35 വർഷം വരെ സേവനമനുഷ്ഠിച്ച് 2006-ൽ സ്വയം വിരമിച്ചു.സാഹിത്യത്തിലും സംഗീതത്തിലും സഞ്ചാരത്തിലും പരിസ്ഥിതിയിലും നിരൂപണത്തിലും ആകൃഷ്ടനായ ഇദ്ദേഹം മലയാളത്തിൽ തനുമാനസി,നാദതനുമനിശം, ഇലമുളച്ചികൾ,പരാഗകോശങ്ങൾ മുതലായ ഇരുപതിലധികം കൃതികൾ രചിച്ചു. സാഹിത്യ-അക്കാദമി പുരസ്കാരം,ഓടക്കുഴൽ പുരസ്കാരം മുതലായ പുരസ്കാരങ്ങൾ ഇദ്ദേഹം നേടി.

ആഷാമേനോൻ മഹാശയൻെറ 'ഹിമാലയപ്രത്യക്ഷങ്ങൾ 'എന്ന യാത്രാവിവരണഗ്രന്ഥം പ്രസിദ്ധമാണ്. അവിടെ 'കൃഷ്ണശിലകളുടെ ലാസ്യം ' എന്ന അധ്യായം ചില സംസ്കൃതാധ്യാപകർ അദ്ദേഹത്തോടൊപ്പം നിന്ന് സംസംകൃതഭാഷയിലേക്ക് വിവർത്തനം ചെയ്തു. അതിൽ നിന്നുള്ള ചില ഭാഗം പാഠഭാഗത്തിൽ കൊടുത്തിരിക്കുന്നു.

# कृष्णशिलासु लास्यम् ।



पुरीतः कोणार्कं प्रति पन्थाः एका ऋजुरेखा भवति। मार्कि ३२ कि. मी. परिमितं दूरं वर्तते। पन्थानम् उभयतः आवासस्य लक्षणमपि न दृश्यते। प्राचीनाः ग्रामाः तेषु प्रान्तेषु विलयीभूताः इति प्रतीयते। पन्थानं प्रविष्टे जगन्नाथस्य रथोत्सवश्रुतयः शनैर्मन्दीभूताः इव अनुभवेयुः। अस्यां धन्यस्थल्यां विराजमाने सूर्याय सङ्कल्पिते अलोकसामान्ये मन्दिरे आराधना न भवति।

പുരിയിൽനിന്നും കൊണാർക്കിലേക്കുള്ള പാത ഒരു നേർരേഖയാണ്. ഏതാണ്ട് മുപ്പത്തിരണ്ട് കിലോമീറ്റർ ദൂരം. വഴിക്കിരുവശവും ആൾപ്പാർപ്പിൻെറ ലക്ഷണമേ ദൃശ്യമല്ല.പഴയഗ്രാമങ്ങൾ അവക്കിടയിൽ വിലയിച്ചുപോയതായാണു തോന്നുക. വഴിയിൽ പ്രവേശിക്കുമ്പോൾ ജഗന്നാഥൻെറ രഥോത്സവശ്രുതികൾ നേർത്തുനേർത്തു വരുന്നതുപോല അനഭവപ്പെട്ടേക്കാം. ഈ ധന്യസ്ഥലത്ത് ശോഭിക്കുന്ന സൂര്യനായി സങ്കല്പിക്കപ്പെട്ട ക്ഷേത്രത്തിൽ ആരാധനയില്ല.

## पदच्छेदः

शनैर्मन्दीभूताः = शनैः + मन्दीभूताः ।



सप्तशतवर्षात्पूर्वं सफलीकृतमिदं शिलाकाव्यं स्तोत्राणि तथा अर्चनाश्च कथम् असङ्गतानि अकरोत् ?कोणार्कमार्गं प्रविष्टे एव वयं तस्य इतिहासस्य सङ्कीर्णखनीषु अवगाढाः भवामः।ओडीषायाः भूस्थितिरस्माभिः नात्र अतिगम्यतेऽधुना, परन्तु पुरावृत्तानाम् आत्मार्पणानाञ्च प्रकाशखण्डानि एव।

എഴുന്നൂറോളം വർഷങ്ങൾക്കുമുമ്പ് നിറവേറ്റപ്പെട്ട ഈ അപാരമായ ശിലാകാവ്യം സ്തോത്രങ്ങളെയും അർച്ചനകളെയും അപ്രസക്തമാക്കിയതെന്തേ ?കോണാർക്കിലെ പാതയിൽ പ്രവേശിക്കുന്നതോടെ നാം ആ ചരിത്രത്തിൻെറ സങ്കീർണ്ണ ഖനികളിലേക്ക് ആഴ്ന്നുപോവുന്നു.ഒറീസ്സയിലെ ഭൂപ്രകൃതിയല്ല നാം പിന്നിടുക ഇപ്പോൾ,പുരാവൃത്തങ്ങളുടെയും ആത്മാർപ്പണങ്ങളുടെയും പ്രകാശഖണ്ഡങ്ങളാണ്.

## पदच्छेदः

वर्षात्पूर्वम् = वर्षात् + पूर्वम्

सफलीकृतमिदम् = सफलीकृतम् + इदम्

अर्चनाश्च =अर्चनाः + च

भूस्थितिरस्माभिः = भूस्थितिः + अस्माभिः

नात्र = न + अत्र

अतिगम्यतेऽधुना = अतिगम्यते + अधुना।



किञ्चिद्गमनेन उभयतः वनानि प्रत्यक्षमायान्ति। पवने वाति सति तेभ्यः कानिचन स्वरवैचित्र्याणि आविर्भवन्ति। शिलाकाव्यानां प्रौढं भूतकालमेव ते स्वराः स्मारयन्ति। नागरिकतायाः स्पर्शम् अननुभूयमाने तस्मिन् काननान्ते भारतसंस्कृतेः ज्योतिश्शिखरं रूपवत्कुर्वन्नासीत्। स्थपतेः क्षुरिकाकुठाराद्यायुधस्य स्पर्शेन प्रत्येकं शिला अत्रैव खलू सचेतना जाता। अमृतसदृशमेतत्पैतृकम्। प्रज्ञायाःतादृशं तरङ्गदैर्घ्यं येषां सन्ति ते एव कोणार्कस्य राजसप्रभावम् इतः सम्मुखीकुर्वन्ति।

കുറേ ചെന്നാൽ ഇരുവശത്തും കാടുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു.കാറ്റടിക്കുമ്പോൾ അവയിൽ നിന്ന് എന്തൊക്കെയോ സ്വരവൈചിത്ര്യങ്ങൾ ഉടലെടുക്കുന്നു.ശിലാകാവ്യങ്ങളുടെ പ്രൗഢീയാർന്ന ഭൂതകാലം ആ സ്വരങ്ങൾ ഓർമിപ്പിക്കുന്നു.നാഗരികതയുടെ സ്പർശമേല്ക്കാത്ത ആ വനത്തിൽ ഭാരതസംസ്കൃതിയുടെ ഒരു ജ്യോതിശ്ശിഖരം രൂപം കൊള്ളുകയായിരുന്നു. ശില്പിയുടെ ഉളി, മഴു മുതലായ ആയുധങ്ങളുടെ സ്പർശനത്താൽ ഓരോശിലയും സചേതനമായിത്തീർന്നത് ഇവിടങ്ങിലായിരുന്നല്ലോ. അമൃതസദൃശമായ പൈതൃകമാണത്.പ്രജ്ഞയുടെ ആ തരംഗദൈർഘ്യം ഉള്ളവർ കൊണാർക്കിൻെറ രാജസപ്രഭാവം ഇവിടുന്നേ അഭിമുഖീകരിക്കുന്നു.

## पदच्छेदः

प्रत्यक्षमायान्ति = प्रत्यक्षम् + आयान्ति

रूपवत्कुर्वन्नासीत् = रूपवत्कुर्वन् + आसीत्

अत्रैव = अत्र + एव

अमृतसदृशमेतत्पैतृकम् = अमृतसदृशम् + एतत् + पैतृकम्।



यानम् उभयतः क्षणं दृश्यमनेभ्यः वनेभ्यः हरिणाः न आगच्छेयुः। नैतत् तादृशमावासस्थानं खलु। मानवैर्मृगजातिभिः च सममेव त्यक्ता सेयं भूमिरिति भाति। गते किञ्चिद् दूरं, पौराणिकेषु अशरीरिषु स्थानं न भवतीतिवत् सेतुरेकः दृष्टिपथम् आगच्छति। यः प्राचीने कर्मिंस्श्चिद् आवासस्थाने विद्यमानायाःनागरिकतायाः सुदृढं चिह्नमेव। प्राचीनद्याः तिरश्चीनो भवत्येषः सेतुः।

വാഹനത്തിനിരുവശത്തും ഓടിമറയുന്ന കാടുകളിൽനിന്ന് ഹരിണങ്ങളൊന്നും കുതിച്ചു വരികയില്ല. അത്തരത്തിലുളളഒരു ആവാസസ്ഥാനമല്ലല്ലോ അവിടം. മനുഷ്യരും മൃഗങ്ങളും ഒരുപോലെ ആ വനഭൂമി ഉപേക്ഷിച്ചതാണെന്നു തോന്നും. പൗരാണികമായ  അശരീരികളിൽ തങ്ങൾക്കൊന്നും സ്ഥാനമില്ലെന്നോണം ഒരു പാലം ദൃഷ്ടിയിൽപെടുന്നു.പ്രാചീനമായ ഒരു ആവാസസ്ഥലത്ത് നാഗരികതയുടെ ഒരു ദൃഢചിഹ്നം. പ്രാചീനദിയുടെ കുറുകെയുളളതാണത്.

## पदच्छेदः

नैतत् = न + एतत्

मानवैर्मृगजातिभिः = मानवैः + मृगजातिभिः

सेयम् = सा + इयम्

भूमिरिति = भूमिः + इति

भवतीतिवत् = भवति + इतिवत्

सेतुरेकः = सेतुः + एकः

चिह्नमेव = चिह्नम् + एव

भवत्येषः = भवति + एषः ।



ओडीषायाः विश्रुतया 'प्रतिभा रे ' नामिकया आख्यात्र्या एषा नदी प्राचीप्रभेति कथ्यते । प्राचीं प्रवहन्ती नदी इत्यतः एव प्राची इति नाम प्रसिद्धं भवेत् । अत्र विद्यमानासु नदीषु परिपक्वा कविता दरीदृश्यते । चित्रोत्पला, कुशभद्रा, चन्द्रभागा इत्याद्याः । चन्द्रभागा यत्र सागरं स्पृशति तत्रैव शिल्पकलायाः परा काष्ठेति पश्चात् प्रसिद्धं सूर्यमन्दिरं प्रादुरभवत् । सूर्यं भ्रमन्त्याः पृथिव्याः भ्रमणपथे विद्यमानेषु सविशेषबिन्दुषु अन्यतमः भवति कोणार्कः ।

ഒറീസ്സയിലെ പ്രസിദ്ധ നോവലിസ്റ്റായ 'പ്രതിഭാ റേ' ഇതിന് പ്രാചീപ്രഭയെന്നാണ വിളിക്കുക. കിഴക്കോട്ട് ഒഴുകിച്ചെല്ലുന്ന നദിയെന്ന രീതിയിലാവണം പ്രാചിയെന്ന പേര് വിശ്രുതമാവുന്നത്. ഈ ഭാഗത്തെ നദികളിൽ കവിത വിളഞ്ഞു കിടപ്പുണ്ട്. ചിത്രോത്പല, കുശഭദ്ര, ചന്ദ്രഭാഗമുതലായവ. ചന്ദ്രഭാഗ കടലിലേക്ക് ഒഴുകിച്ചെല്ലുന്നിടത്താണ് പില്ക്കാലമത്രയും ശില്പകലയുടെ പരമകാഷ്ഠയായി വാഴ്ത്തപ്പെട്ട സൂര്യക്ഷേത്രം പിറവികൊള്ളുന്നത്. സൂര്യനെ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയുടെ ഭ്രമണപഥത്തിലെ സവിശേഷമായ ബിന്ദുക്കളിലൊന്നാണ് കൊണാർക്.

## पदच्छेदः

तत्रैव = तत्र + एव

प्रादुरभवत् = प्रादुः + अभवत् ।



तत्र तावत् सूर्यमरीचयः सविशेषसान्द्रतया प्रपतन्ति । सम्पूर्णस्य सूर्यग्रहणस्य दर्शनाय सङ्कल्पितेषु स्थानेषु अन्यतमो भवत्ययं देशः । १९८० (अशीत्युत्तर एकोनविंशतिसहस्रतमे वर्षे ) १६ (षोडशे) दिनाङ्के गोकर्णात् आरभ्य कोणार्के समापितः सूर्यग्रहणस्य पन्थाःज्योतिश्शास्त्रविचक्षणानां महतः आनन्दस्य स्थानमभवत् ।

സൂര്യരശ്മികൾ ഒരു പ്രത്യേക സാന്ദ്രതയോടെയാണ് അവിടെ പതിക്കുക.സമ്പൂർണ്ണ സൂര്യഗ്രഹണം നിരീക്ഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലൊന്ന് കൊണാർക് ആയിരുന്നല്ലോ.1980 ഫെബ്രുവരി പതിനാറാം തീയതി ഗോകർ ണ്ണത്തുനിന്നു തുടങ്ങി കൊണാർക്കിലെ സൂര്യക്ഷേത്രത്തിൽ അവസാനിച്ച ഈ ഗ്രഹണപഥം ജ്യോതിശ്ശാസ്ത്രനിരീക്ഷകരെ സംതൃപ്തരാക്കിയിരുന്നു.

## पदच्छेदः

भवत्ययम् = भवति + अयम्

स्थानमभवत् = स्थानम् + अभवत्

Rathi.T. GHSS.Varavoor. *TEAM NAVADHARA IN ASSOCIATION WITH NAVADARSAN 2020*